മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ പോലീസ് വകുപ്പിലെ ട്രാഫിക് ബ്രാഞ്ച് സബ് ഇൻസ്പെക്ടർ എന്നിവർ മുതൽ മുകളിലുള്ള ഉദ്യോഗസ്ഥൻമാരെ ഇതനുസരിച്ച് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാഹന സംബന്ധമായ കുറ്റകൃത്യങ്ങളിൻമേൽ പരിശോധനാവേളയിൽതന്നെ വേഗം തീരുമാനമെടുക്കാൻ വേണ്ടിയാണ് ഇപ്രകാരമുള്ള അധികാരം നൽകിയിട്ടുള്ളത്. കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള വ്യക്തിക്ക് സമ്മതം ഉണ്ടെങ്കിൽ മാത്രമേ അത് കോമ്പൗണ്ട് ചെയ്ത് പിഴ ഈടാക്കുകയുള്ളു.

(ബി) പോലീസ് വകുപ്പിലെ ട്രാഫിക് ബ്രാഞ്ച് സർക്കിൾ ഇൻസ്പെക്ടർമാരുടെ സാധാരണ കൃത്യനിർവഹണത്തിന്റെ ഭാഗം തന്നെയാണ് വാഹന പരിശോധനയും അതനുസരിച്ച് കാണുന്ന കുറ്റകൃത്യങ്ങൾക്ക് പിഴ ഈടാക്കാൻ ഇപ്പോഴും നൽകിയിട്ടുള്ള അധികാരവും.

(സി) കോമ്പൗണ്ടിംഗ് സമ്പ്രദായം കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള വ്യക്തിയുടെ സമ്മതത്തോടെ മാത്രമേ സാദ്ധ്യമാവുകയുള്ളു. ടിയാൻ അതിന് സമ്മതമില്ലെങ്കിൽ സാധാരണ രീതിയിലുള്ള നിയമനടപടികൾ സ്വീകരിച്ച് കോടതിയിൽ കൈകാര്യം ചെയ്യാവുന്നതാണ്.

കലഞ്ഞൂർ പഞ്ചായത്തിലെ പോലീസ് ഔട്ട്പോസ്റ്റ്

1103. [1648] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലഞ്ഞൂർ പഞ്ചായത്തിൽ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിനായി ഗവൺമെന്റു വക ഭൂമി ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം എത്ര ;

(സി) പ്രസ്തുത സ്ഥലത്ത് ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 55 സെന്റ്

(സി) പുതുതായി പോലീസ് ഔട്ട്പോസ്റ്റ് അനുവദിക്കുന്നത് ഗവൺമെന്റ്. നയമല്ലാത്തതിനാൽ ഇക്കാര്യം പരിഗണിക്കാൻ കഴിയുകയില്ല.

ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷന് കെട്ടിടവും ക്വാർട്ടേഴ്സും

1104. [1650] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷന് സ്വന്തമായ കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിന്റെ പണി എന്നത്തേക്കാരംഭിക്കും ?

ഉത്തരം

(എ) ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷനും ക്വാർട്ടേഴ്സിനും വേണ്ടി സ്ഥലമെടുക്കുന്നതിനുള്ള നടപടി നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly